NALINI—KUMARAN ASAN—

032:4M97:41 F5

032:1M97:41
F5

032:1M97:41 F5
KUMARAN ASAN (N.).
Nalini.

MUL
034810

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032:1M97:4t F5

Accession Number 34810

Available for loan from

This book should be returned on or before the date last marked below.

15-10-38

-5 NOV 1940

-9 FEB 1941

23 FEB 1942

30 NOV 1945

1 MAY 19

AUG 19

-4 APR 1953

29 JUN 1953

25 AUG 1960

-6 NOV 1968

30 APR 7

# നളിനി

അല്ലെങ്കിൽ

## ഒരു സ്നേഹം.

എൻ. കുമാരൻ ആശാൻ.

പകൎപ്പവകാശം.

UNIVERSITY LIBRARY
DEC 1946

"വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടം—കൊല്ലം.

൧൧൦൦.

34816
O32 : 1M97:41
F5

# മുഖവുര.

---

ഞാൻ "നളിനി" എഴുതാൻ ആരംഭിച്ചിട്ടു മൂന്നുകൊല്ലത്തിനു മേലാകും. 'മിതവാദിയിൽ'നിന്നു് എൻെറ 'വീണപൂവു്' പകൎത്തി എഴുതി സീ. എസ്സ് സുബ്രഹ്മണ്യൻപോററി ബി. ഏ. അവർകൾ 'ഭാഷാപോഷിണിയിൽ' പ്രസിദ്ധപ്പെടുത്തിയ കാലത്താണു് ഞാൻ ഇതു തുടങ്ങിയതു്. പിന്നെ പല അസൌകൎയ്യങ്ങളാലും പൂൎത്തിയാകാതെ കിടക്കുന്ന ഏതാനും ഖണ്ഡകൃതികൾ അടങ്ങിയ എൻെറ നോട്ടുപുസ്തക വനത്തിൽ വളരെക്കാലം തപസ്സുചെയ്തശേഷം ഈ കൃതിയിൽ പ്രത്യേകമുള്ള എൻെറ 'ഒരു സ്നേഹം'കൊണ്ടും 'ബി. വി. ബുക്കുഡിപ്പോ'ക്കാരുടെ ഉത്സാഹംകൊണ്ടുമാണു് കഴിഞ്ഞ ഇംഗ്ലീഷുവൎഷാവസാനത്തോടുകൂടിയെങ്കിലും 'നളിനി'ക്കു 'ദിവാകര' കരസ്പൎശമുണ്ടാവാൻ ഇടയായതു്.

അവതാരികയിൽ പറയുന്നപോലെ ഇതു് ഒരു പുതിയ പ്രസ്ഥാനമാണെന്നും, അതുകൊണ്ടു ഇപ്പോഴത്തെ കവിതാഗതിക്കനുസരിച്ചു് ഇതിൽ സാധാരണ വായനക്കാൎക്കു അഭിരുചി തോന്നുമോഎന്നും എനിക്കു സംശയം തോന്നി. ആ സ്ഥിതിക്കു ഇതിൽ അടങ്ങിയ ആശയങ്ങളെ ഏതാണ്ടു വെളിപ്പെടുത്തി വായനക്കാരുടെ ശ്രദ്ധയെ ആകൎഷിക്കത്തക്ക ഒരു അവതാരിക എഴുതിച്ചേൎത്താൽ വളരെ പ്രയോജനകരമായിരിക്കുമെന്നു് ഞാൻ വിചാരിച്ചു. ആ ഉദ്ദേശം മഹാപണ്ഡിതനും, മഹാകവിയുമായ മഹാമഹിമശ്രീ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ തിരുമനസ്സിലെക്കൊണ്ടു നിൎവഹിപ്പിക്കേണമെന്ന എൻെറ ആഗ്രഹത്തെ അവിടെ അറിവിക്കയും, സൌജന്യനിധിയായ അവിടുന്നു് അതു സന്തോഷപുരസ്സരം സമ്മതിക്കയും ചെയ്തു. അവതാരിക സംക്ഷിപ്തമാണെങ്കിലും ഇതിൽ

കവിമര്യാദ അനുസരിച്ചു മൂടിവച്ചിരുന്ന മുഖ്യസ്ഥാനങ്ങളിൽ എല്ലാം മർമ്മജ്ഞനായ അവിടുത്തെ വിരലുകൾ നൈപുണ്യത്തോടെ പ്രവേശിച്ചിരിക്കുന്നതായി കാണുന്നതിൽ എനിക്കു വലിയ ചാരിതാർത്ഥ്യം തോന്നുന്നു.

ശബ്ദസംബന്ധമായ നിർബന്ധങ്ങളിൽ ചിലതു ഒഴിവാക്കിയിരുന്നെങ്കിൽ മാററുകൂട്ടുമായിരുന്നില്ലേ എന്നു അവതാരികയിൽ ശങ്കിക്കുന്നു. അതുകൊണ്ടു്, ഈ കവിതയിൽ സർവ്വത്ര കാണുന്ന ദ്വിതീയാക്ഷരപ്രാസനിർബന്ധത്തിൻേറയോ മറേറാ സന്താനമായി വല്ല അസ്വാരസ്യമോ അർത്ഥഗ്രഹവിളംബമോ ഒക്കെ വല്ലടിക്കിലും വന്നിട്ടുള്ളതായി തിരുമനസ്സിലേക്കു തോന്നിയിരിക്കണം. ആ ന്യൂനതയെ ഞാൻ സമ്മതിക്കുന്നു.

എൻെറ അപേക്ഷയെ സ്വീകരിച്ചു പുസ്തകം മുഴുവൻ സശ്രദ്ധം വായിച്ചുനോക്കി ഈ സരസമായ അവതാരിക എഴുതാൻ ദയയുണ്ടായ തിരുമനസ്സിലേക്കു ഞാൻ എന്നും കൃതജ്ഞനാണു്. ബി. വി. ബുക്കുഡിപ്പോക്കാരുടെ നേക്കും ഇതിൻെറ പ്രസിദ്ധീകരണവിഷയത്തിൽ എനിക്കുള്ള കൃതജ്ഞത ഒട്ടും കുറഞ്ഞതല്ല. ഈ മുഖവുരയോടുകൂടി 'നളിനി'യെ സഹൃദയരായ വായനക്കാരുടെ മുമ്പാകെ അയച്ചുകൊള്ളുന്നു.

തിരുവനന്തപുരം.
29-10-1911-

എൻ. കുമാരൻ ആശാൻ

# അവതാരിക

ഗതാനുഗതികത്വത്തേക്കാൾ നവനവോല്ലേഖകല്പനയിലാണു് കവികൾ അധികം ദൃഷ്ടിവെക്കേണ്ടതെന്നു് ഈ ഖണ്ഡകാവ്യം വായിക്കുന്നവൎക്കു നല്ലവണ്ണം ബോധപ്പെടും. ഇക്കാലത്തെ കവിതാഗതി നോക്കുമ്പോൾ ഇതൊരു പുതിയ പ്രസ്ഥാനമാണെന്നതിനു സംശയമില്ല.

വാസനയുണ്ടെങ്കിൽ 'ആമ്പലും അമ്പിളിയും വണ്ടും തണ്ടാരും, എല്ലാംകൂടി ഒന്നിച്ചും വെവ്വേറെയും അങ്ങുമിങ്ങും വെച്ചുകെട്ടാതെ തന്നെ നല്ല അലങ്കാരങ്ങൾ ഉണ്ടാക്കാമെന്നും ആ പുതിയ മോടികൊണ്ടു കവിതയ്ക്കു ഭംഗി കൂടുതലല്ലാതെ കുറവു വരികയില്ലെന്നും ഈ ചെറിയ കാവ്യം ധാരാളം കാണിച്ചിട്ടുണ്ടു്. വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായ മഹാകവികളുടെ കൃതികളിൽ ഗൂഢമായിട്ടെങ്കിലും അന്തർഭവിക്കാത്ത ആശയങ്ങൾ ദുർല്ലഭമായാലും കണ്ടാലറിയാത്തവിധം വേഷംമാററിയും സന്ദർഭത്തിന്നനുസരിച്ചു് ഏററക്കുറവു വരുത്തിയും അവയെ പ്രയോഗിക്കേണ്ടതാണെന്നു പല ഘട്ടങ്ങളിലും ഇതു തെളിയിച്ചിട്ടുമുണ്ടു്.

ഏതെങ്കിലും ഒരു പഴയ ഇതിവൃത്തം എടുത്തു വല്ലപൊടിയും വെച്ചു കുറച്ചൊന്നുമിനുക്കി അത്യവസാനം ഓരോ മംഗളവുംചേൎത്തു ചൊല്ലുന്നതല്ല കവിയുടെ മനോധൎമ്മമെന്നു ഈ കാവ്യത്തിൻെറ പുറമേയുള്ള ആകൃതികൊണ്ടുതന്നെ അറിയാവുന്നതാണു്. ഇതിലെ കഥാവസ്തു കല്പിതമാണെന്നു മാത്രമല്ലാ അതിൻെറ രീതിയും അസാധാരണമായിരിക്കുന്നു. സാധാരണക്കാർ രജോഗുണപ്രധാനമാണെന്നും ആ ഗുണത്തെ പോഷിപ്പിക്കുന്ന സാമഗ്രികൾ കൊണ്ടുമാത്രം പുഷ്ടിപ്പെടുന്നതാണെന്നുംകരുതി വൎണ്ണിച്ചുവരുന്ന ശൃംഗാരം തന്നെയാണു് ഇതിലെ

സ്ഥായിയായ രസമെങ്കിലും പ്രാപഞ്ചികവ്യവഹാരങ്ങളിൽനി ന്നൊഴിഞ്ഞു സത്വഗുണവൃത്തിയവലംബിച്ചുകൊണ്ടിരിക്കുന്ന നിലയിലും ആ അനുരാഗം വൎദ്ധിക്കുന്നതായിട്ടാണു് കാണിച്ചിരിക്കുന്നതു്. പരിശുദ്ധമായ അനുരാഗത്തിന്റെ അല്ലെങ്കിൽ കലൎപ്പില്ലാത്ത ശൃംഗാരരസത്തിന്റെ സൂക്ഷ്മസ്ഥിതി ഗ്രഹിക്കുന്നതിൽ ഈ സംഗതി ഏററവും ഉപയുക്തമായിട്ടുണ്ടെന്നു വേറെ പറയേണ്ടതില്ല.

കഥാവസ്തു പഴയതായാലും പുതിയതായാലും അതിന്റെ നിൎവ്വഹണം കാൎയ്യമെല്ലാം സാധിച്ചു ഭരതവാക്യവുംകൂടി കഴിഞ്ഞമട്ടായിരിക്കണമെന്നു ഭാഷാകവികൾക്കല്ല, സംസ്കൃതകവികൾക്കുംകൂടി പണ്ടെയ്ക്കുപണ്ടേതന്നെ വലിയ നിർബന്ധമുള്ളതുപോലെയാണു് കണ്ടുവരുന്നതു്. സംഭോഗശൃംഗാരത്തെക്കാൾ വിപ്രലംഭശൃംഗാരത്തിനു് ആസ്വാദ്യത അധികമുണ്ടെന്നുള്ളതിൽ വാദമില്ലാതിരിക്കെ അൎത്ഥമില്ലാത്ത ഈ നിൎബന്ധത്തിൽപെട്ടു രസസ്ഫൂൎത്തിക്കു വിശ്രാന്തിവരുത്തിക്കളയിക്കുന്നതു് അത്യാവശ്യമല്ലെന്നു ഈ കാവ്യത്തിലെ നിൎവ്വഹണം നമുക്കു മനസ്സിലാക്കിത്തരുന്നു. ഈ രീതി പാശ്ചാത്യകവിതകളിൽ ധാരാളമാണെങ്കിലും നമ്മുടെ ഇടയിൽ അപൂൎവ്വംതന്നെയാണു്.

എന്നാൽ അൎത്ഥകല്പനയിൽ ഇത്രത്തോളം നിഷ്കൎഷ ചെയ്തിട്ടുള്ളതുപോലെ ശബ്ദബന്ധത്തെസ്സംബന്ധിച്ചു നിൎബന്ധങ്ങളിൽ ചിലതു് ഒഴിവാക്കുകയുംകൂടി ചെയ്തിരുന്നു എങ്കിൽ ഈ കാവ്യത്തിനു ഭംഗി ഒരു മാററു കൂടുകയില്ലായിരുന്നോ എന്നൊരു ചോദ്യത്തിനു വക കാണുന്നുണ്ടു്.

ഇതുവരെ പറഞ്ഞതെല്ലാം ഈ കാവ്യത്തിൽ സ്ഥൂലമായിത്തന്നെ കാണാവുന്ന വിഷയങ്ങളെപ്പററിയാണു്. സൂക്ഷ്മമായി നോക്കുമ്പോൾ ഇതിന്റെ നിൎവ്വഹണം രമണീയമായ സംഭോഗശൃംഗാരത്തിന്റെ ഉത്തമകാഷ്ഠയിൽതന്നെ പൎയ്യവസിച്ചതായിട്ടു കാണാം. ശൃംഗാരമെന്നുപറഞ്ഞുവരുന്ന ഭാവ

ത്തിൽ ഏതുദശവരെ സഹൃദയന്മാൎക്ക ആസ്വാദ്യത കൂടിക്കൂടി വരുന്നുവോ ആ ദശയിലാണ് ഇതിലെ നായികയുടെ ഭാവം നിലനിന്നിരിക്കുന്നതു്. നായകൻ അത്രയുംകൊണ്ടു നിൎവൃതനുമാണ്. എന്നുതന്നെയല്ല നിഷ്കളങ്കമായ രസസ്ഫൂൎത്തി ബ്രഹ്മാനന്ദത്തേക്കാൾ ഒരു പടി താഴ്ന്നതേ ഉള്ളു എന്നുള്ള ഗൂഢതത്വത്തിന്നും ഈ കാവ്യം നല്ല ദൃഷ്ടാന്തമായിത്തീൎന്നിട്ടുണ്ടു്.

൧൦൮൭-തുലാം ൮-ാംനു
തിരുവനന്തപുരം. } A. R. Raja Raja Varma.

---

# നളിനി

## അല്ലെങ്കിൽ

## ഒരു സ്നേഹം.

---

നല്ല ഹൈമവത ഭൂവിൽ, — ഏറെയായ്
കൊല്ലം — അങ്ങൊരു വിഭാത വേളയിൽ,
ഉല്ലസിച്ചു യുവയോഗി യേകനു,ൽ-
ഫുല്ല ബാലരവിഃപോലെ കാന്തിമാൻ. ൧

ഓതി, നീണ്ട ജടയും, നഖങ്ങളും,
ഭൂതിയും, ചിരതപസ്വിയെന്നതും;
ദ്യോതമാന മുടൽ നഗ്ന, മൊട്ടു ശീ-
താതപാദികളവൻ ജയിച്ചതും. ൨

പാരിലില്ല ഭയമെന്നു, മേറെയു-
ണ്ടാരിലും കരുണ യെന്നു, മേതിനും
പോരുമെന്നു മരുളീ, പ്രസന്നമായ്,
ധീരമായ മുഖകാന്തിയാലവൻ. ൩

തൽപരത്വ മവ്വനാന്നിരുന്നു, തെ-
ല്ലപ്പൊൾ,—വെന്നരിയെ, യൂഴികാക്കുവാൻ
കോപ്പിട്ടും നൃപതിപോലെയും, കളി-
ക്കോപ്പെട്ടുത്ത ചെറുപൈതൽ പോലെയും. ൪

ഇത്ര ധന്യത തികഞ്ഞു കാൺമതി-
ല്ലത്ര നൂനമൊരു സാവ്വഭൌമനിൽ;
ചിത്തമാം വലിയ വൈരി കീഴമ-
ന്നത്തൽ തീൎന്ന യമിതന്നെ ഭാഗ്യവാൻ. ൫

ധ്യാനശീലനവനങ്ങധിത്യകാ-
[illegible] ശോഭ [illegible]ിനാൻ,
വാനിൽനിന്നു നിജനീഡമാണ്ണേഴും
കാനനം ഖഗയുവാവു പോലവേ. ൬

ഭൂരി ജന്തു ഗമനങ്ങൾ, പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്ന കാട്ടുകൾ,
ദൂരദൎശന കുശങ്ങൾ, കണ്ടുതേ
ചാരുചിത്രപടഭംഗിപോലവൻ. ൭

പണ്ടു തന്റെ പുരപുഷ്പവാടിയുൾ-
ക്കൊണ്ടവാപികളെ വെന്ന പൊയ്കയിൽ
കണ്ടവൻ, കുതുകമാൎന്നു തെന്നലിൽ
തണ്ടലഞ്ഞു വിടരുന്നതാരുകൾ.

സാവധാന മെതിരേററു ചെല്ലുവാ-
നാവികസ്വര സരസ്സയച്ചപോൽ,
പാവനൻ, സുരഭിവായു വന്നുക-
ണ്ടാവഴിക്കു പദമൂന്നിനാനവൻ. ൯

ആഗതക്കു വിഹഗസ്വനങ്ങളാൽ
സ്വാഗതം പറയുമാ സരോജിനീ
യോഗിയേ വശഗനാക്കി — രമ്യഭൂ-
ഭാഗഭംഗികൾ ഹരിക്കുമാരെയും. ൧൦

എന്നുമല്ല ശുഭരമ്യവൃത്ത വിവ-
ക്കെന്നുമുള്ളൊരനവദ്യഭോഗമാം,
വന്യശോഭകളിലത്രയല്ല, യീ-
ധന്യനാണൊരു നിസർഗ്ഗജം, രസം. ൧൧

ആകയാൽ സ്വയമകുണ്ഠമാനസൻ
പോകയാമതു വഴിക്കു തന്നിവൻ,
ഏകകാര്യമഥവാ — ബഹുതഥമാ-
മേക ഹേതു, ബഹു കാര്യകാരിയാം. ൧൨

കുന്നുതന്നടിയിലെത്തവേ സ്വയം
നിന്നുപോയ് ഝടിതി ചിന്തചൂണ്ടുപോൽ;
എന്നുമല്ല ചെറുതാർത്തിയാർന്നവ-
നൊന്നു വീർത്തു നെടുതായുടൻ യതി. ൧൩

എന്തുവാൻ യമിയിവണ്ണ മന്ഥരാ
ചിന്തയാർന്നു?തഥവാ — നിനയ്ക്കുകിൽ,
ജന്തുവിന്നു തുടരുന്നു വാസനാ-
ബന്ധമി, ങ്ങുടലു വീഴ്വോളവും. ൧൪

അപ്പുമാന്റെ യകമോളമാർന്ന വി-
ല്പ്പൊഴാഞ്ഞതനതിദൂരഭ്രമിയിൽ
അത്ഭുതം! — തരുവിലീനമേനിയായ്
നില്പൊരാൾക്കു തിരതല്ലിഹൃത്തടം. ൧൫

സ്വാന്തനിഷ്ഠയതിനായ് കുളിച്ചു, നീർ-
ച്ചിന്തു മീറനൊടു പൊയ്കതൻതടേ
ബന്ധുരാംഗരുചി തൂവിനിന്നു, ഷ-
ട്സന്ധ്യപോലെ യൊരു പാവനാംഗിയാൾ. ൧൬

കണ്ടതില്ലവർ പരസ്പരം, മരം-
കൊണ്ടു നേർവഴി മറഞ്ഞിരിക്കയാൽ;
രണ്ടുപേരുമകതാരിലാർന്നിതുൽ-
കണ്ഠ;— കാൺക ഹഹ! ബന്ധവൈഭവം! ൧൭

അതപോളുദിതയാൾക്ക തൽക്ഷണം
ശീതബാധ വിരമിച്ചു, വെങ്കിലും,—
ശ്വേതമായ്, ഝടിതി,—കുങ്കുമാഭമാ-
മാതപം തടവിലും,—മുഖാംബുജം. ൧൮

ആശപോകിലുമ, തിപ്രിയത്തിനാൽ
പേശലാംഗി യഴ, ലേകുമോർമ്മയിൽ
ആശു വായുവിൽ, ജരൽപ്രസൂനയാ-
മാ, ശിരീഷലതപോൽ തെട്ടങ്ങിനാൾ. ൧൯

സീമയററഴലിലൊട്ടസൂചിത-
ക്ഷേമ, മൊന്നഥ ചലിച്ചു......മീനിനാൽ
ഓമനച്ചെറുമൃണാളമെന്നപോൽ
വാമനേത്രയുടെ വാമമാം, കരം. ൨൦

ഹന്ത! കാനനതപസ്വിനീ, ക്ഷണം
ചിന്ത ബാല യിവളാർന്നു വാടിനാൾ,
എന്തിനോ?— കുലവധൂടികൾക്കെഴു-
ന്നന്തര ഗതി യാരറിഞ്ഞുതാൻ! ൨൧

ഒന്നു നിൎണ്ണയമുദീൎണ്ണ ശോഭയാ-
ളിന്നു താപസകുമാരിയല്ലിവൾ;
കുന്ദവല്ലി വനഭൂവിൽ നില്ക്കിലും
കുന്ദമാണ,തിനു കാന്തി വേറെയാം. ൨൨

എന്നുമല്ല സുലഭാംഗഭംഗിയാ-
ണിന്നുമിത്തരുണിപൌരിമാരിലും;
മിന്നുകില്ലി ശരദഭ്രശാതയായ്,
ഖിന്നയാകിലുമഹോ! തടില്ലത? ൨൩

കൃച്ഛ്രമായിവൾ വെടിഞ്ഞുപോന്നൊരാ
സ്വച്ഛസൌഹൃദരി, വൾക്കു തുല്യരാം,
അച്ഛനും ജനനിതാനു മാൎത്തിയാ-
ലിച്ഛയാൎന്നു മൃതിതാൻ വരിച്ചുപോൽ ൨൪

ഹാ! ഹസിക്കരുതു 'ചെയ്തു കേവലം
സാഹസിക്യമിവളെ'ന്നു—സാധ്വിയാൾ,
ഗേഹവും സുഖവുമൊക്കെ വിട്ടു, തൻ-
സ്നേഹമോതി യത്നു ചെയ്തതാണിവൾ. ൨൫

സ്നിഗ്ദ്ധ മാരിവളെ യോൎത്തിരുന്നസ-
ന്ദിഗ്ദ്ധ മശ്രുനിര പെയ്തു താൻചിരം;
മുഗ്ദ്ധതൻ മൃദുകരം കൊതിച്ചുമേ
ദഗ്ദ്ധരായ് പല യുവാക്കൾ വാണു താൻ. ൨൬

ഈവിധം സകല ലോഭനീയമീ,-
ജീവിതം വ്രതവിശീൎണ്ണമാക്കിനാൾ
ഭാവുകാംഗി,—അഥവാ മനോജ്ഞമാം
പൂവുതാൻ ഭഗവദച്ചനാൎഹമാം. ൨൭

ജീവിതാശകൾ നശിച്ചു, വാടിയുൾ-
പ്പൂവു, ജീവഗതിയോർത്തു, ചെയ്യയാം
ദേവദേവപദസേവ,യേവമീ
ഭൂവിലാ, വലത പോവതിന്നിവൾ. ൨൮

ശാന്തയായ്, സുചിരയോഗസംയത-
സ്വാന്തയായിവിടെ മേവിയേറെനാൾ
കാന്ത;യിന്നടിതകർന്നസേതുപോൽ
ഭ്രാന്തിയററു ദയനീയയായിതേ! ൨൯

ഈമഹാവ്രത കൊതിച്ച സിദ്ധിയെ-
ങ്ങാ?മയം പരമിതെങ്ങു?തെന്നുവാൻ
ഹാ! മനുഷ്യനഥവാ ഹിതാത്ഥമായ്
വാമലീലതുടരുന്നതാം വിധി. ൩൦

മാനസം ഭഗവദംഘ്രിപങ്കജ-
ധ്യാനധാരയിലുറച്ചിടായ്കയാൽ,
ദീനയായ് ഗതിതടഞ്ഞു—വേനലിൽ
ശ്രാന്തയാം തടിനിപോലെ തന്വിയാൾ. ൩൧

നൊന്ത ചിത്തമൊടു നിന്നു കണ്ണുനീർ
ചിന്തി, ഹൈമനസരോജമൊത്തവൾ
സന്തപിച്ചു; വധുവിന്നധീരമാ
ണന്തരംഗ,മതിവിജ്ഞയാകിലും. ൩൨

ഖിന്നഭാവമിതകററി, മാനസം
പിന്നെയും പ്രതിനിവൃത്തമാക്കുവാൻ
സന്നഹിച്ചുഥ സരസ്സിൽ നോക്കിയാ-
സ്സന്നധൈര്യ തനിയേ പുലമ്പിനാൾ. ൩൩

"സ്വാമിയാം രവിയെനോക്കിനില്ക്കുമെൻ
താമരേ! തരളവായുവേററു നീ
ആമയം തടവിടായ്ക, തൽക്കര-
സ്തോമമുണ്ടു തിരിയുന്ന ദിക്കിലും. ൩൨

സന്തതം മിഹിരനാത്മശോഭയും,
സ്വന്തമാ മധു കൊതിച്ച വണ്ടിനും,
ചന്തമാർന്നുളി നില്ക്കുമോമലേ!
ഹന്ത! ധന്യമിഹ നിൻെറ ജീവിതം!" ൩൩

കോട്ടമററവിടെ യെത്തി, യിന്ദ്രിയം
പാട്ടിലാക്കി യപഭീതിയാം യതി,
കാട്ടിലിങ്ങിനെ മനുഷ്യഗേയമാം
പാട്ടു കേട്ടു പരമാർന്നുകൌതുകം. ൩൪

വാക്കിലും, പൊരുളിലും രസസ്രവം
വായ്ക്കുമാ മധുരശബ്ദമെത്തിടും
ലാക്കിലും ചെവികൊടുത്തു, കാട്ടിലും
നോക്കിനിന്നു, ലയലീനനായവൻ. ൩൫

'ഹാ! വിശിഷ്ടമൃദുഗാന! മിന്നി നീ
കൂവിടായ്ക കുയിലേ യനക്ഷരം!'
ഏവമോതിയലയും മരങ്ങൾ തൻ
പൂവെഴും തല, തളിർത്ത ശാഖയും. ൩൬

കാണിനിന്നവിടെ യിത്ഥമാസ്ഥയാൽ
കാണുവാനുഴറി, കണ്ട രീതിയാൽ
പ്രാണസൌഖ്യമരുളും, സജീവയാം
വീണതന്നെ ലയവേദിയാം യതി. ൩൭

‘വന്യഭൂമിയിൽ വഹിച്ച പൂമണം
ധന്യനായ ഹഹ! വന്നണഞ്ഞു നീ
തെന്നലേ! തഴുകുകിന്നു — ശങ്കവേ-
ണ്ടെന്നെ,! ഞാൻ മലിന മേനിയല്ലെടോ’. ൩൦

കുഞ്ജലീന പികരാഗമെന്നപോൽ
മഞ്ജുഗാനമതുവീണ്ടുമീവിധം
വ്യഞ്ജിതാശയ, മടുത്തു കേട്ടവൻ
കുഞ്ജിനീതടമണഞ്ഞുനോക്കിനാൻ. ൩൧

ചാഞ്ഞലഞ്ഞ ചെറു ദേവദാരുവി-
ന്നാഞ്ഞശാഖകളടിക്കെ, ചിന്തയാൽ
കാഞ്ഞു, കാണ്മതു മനോരഥങ്ങളാൽ
മാഞ്ഞു, തൻനില മറന്നു, നിന്നവൾ. ൩൨

‘ഹാ കൃശാ! തരുതലത്തിലിന്ദുവി-
ന്നേക രശ്മി യതുപോലെ യാരിവൾ?
മഴ്കിടുന്നു, ദയതോന്നും’ — എന്നലി-
ഞ്ഞേകയാ മവളെ നോക്കിനാൻ യമി. ൩൩

അപ്പൊഴാശു തനിയേ വിടൎന്നവൾ-
ക്കുല്പലങ്ങളൊടിടഞ്ഞ കണ്ണുകൾ;
ഉൾപ്രമോദമഥ വേലിയേററ മാ.
ന്നുത്തുതാംഗിയുടെ ചന്ദ്രനോ യതി? ൩൪

ദൂരെ നിന്ന യമിതന്നെയാശു ക-
ണ്ടാരം തന്നു മുടനേയറിഞ്ഞവൾ;
പാരമിഷ്ടജനരൂപമോരുവാൻ
നാരിമാർക്കു നയനം സുസൂക്ഷ്മമാം. ൩൫

ഞെട്ടിയൊന്നഥ കുഴങ്ങിനിന്നു പി-
ന്നൊട്ടുസംഭ്രമമിയന്നു പാൎത്തവൾ
തിട്ടമായ് യതിയെ നോക്കി യാഴിയേ
മുട്ടിനിന്നണ മുറിഞ്ഞ വാരിപോൽ. ൧൬

'അമ്പിനിന്നു, ഭഗവൻ' ഭവൽപദം
കുമ്പിടുന്നഗതിയായ ദാസി ഞാൻ;'
വെമ്പിയേവമവളോതി, യോഗിതൻ-
മുൻപിൽ വീണു മൃദുഹേമയഷ്ടിപോൽ. ൧൭

ഒററയായിട കുരുങ്ങി വാച്ച തൻ
കററവാർകുഴലു തൽപദങ്ങളിൽ
ഉററ രാഗമൊടടിഞ്ഞു കാൺകയാൽ
മുററുമോൎത്തു കൃതകൃത്യയെന്നവൾ ൧൮

ഉന്നിനിന്നു ചെറുതുൾക്കുരുന്നിനാൽ
ധന്യയെപ്പുനരനുഗ്രഹിച്ചുടൻ,
പിന്നിലാൎത്തവളെ ഹസ്തസംജ്ഞയാ-
ലുന്നമിപ്പതിനു മോതിനാൻ യമി. ൧൯

സ്പഷ്ടമാജ്ഞയതിനാകില പൊങ്ങിയും
നഷ്ടചേഷ്ടത കലൎന്നു തങ്ങിയും
കഷ്ടമായവിടെനിന്നണീററുതേ
ദൃഷ്ടയത്ര ദയനീയയായവൾ. ൨൦

മാറിൽ നിന്നുടനിഴിഞ്ഞ വല്ക്കലം
പേറിയാശു പദരേണു തൊട്ടവൾ
കൂറൊടും തലയിൽ വെച്ചു, സാദരം
മാറിനിന്നു യമി തന്നെ നോക്കിനാൾ. ൨൧

‘എന്തുവാനഭിമതൻ കഥിക്കുമോ?
എന്തുവാൻ കരുതുമോ മഹാനിവൻ?’
ചിന്തയേവമവളാർന്നു ദൃഷ്ടിയാൽ
ഹന്ത! ചെയ്തു യമി മൌനഭേദനം. ൩൨.

‘മംഗലം ഭഗിനി, നിന്റെ ഭക്തിയാൽ
തുംഗമോദമിയലുന്നു ഞാൻ ശുഭേ,
എങ്ങുചൊല്ലിവിടെ? യാരൊടാ? തന്?
യെങ്ങുനിന്നു മുനിപുത്രദർശനേ?’ ൩൩.

എന്നുരച്ചു പുനരുത്തരോൽകനായ്
നിന്നുതേ സ്വയമസംഗനാകിലും,
സ്യന്ദമാനവനദാരു വാരിമേൽ
മന്ദമാച്ചുഴിയിലാഞ്ഞപോലവൻ. ൩൪

‘മുന്നിലെൻ നിയതിയാലണഞ്ഞുമി-
ന്നെന്നെ യെൻപ്രിയനറിഞ്ഞതില്ലിവൻ!
സന്നവാസനനഹോ! മറന്നുതാൻ
മുന്നമുള്ളതഖിലം മഹാശയൻ!’ ൩൫

ഏവമോർത്തു മഥ വീർത്തു മാർന്നിടും
ഭാവചാപലമടക്കിയും ജവം
പാവനാംഗി പരിശങ്കമാനയായ്
സാവധാനമവനോടു ചൊല്ലിനാൾ:— ൩൬

‘കഷ്ടകാലമഖിലം കഴിഞ്ഞു, ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ! ഭവാനുപ-
ണ്ടിഷ്ടയാം ‘നളിനി’ ഞാൻ മഹാമതേ! ൩൭

പ്രാണനോട്ടു മൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
കേണു വാണിവിടെ,യേകമത്ഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ. ൪൯

സന്ന്യസിച്ചുളവു മാസ്ഥയാൽ ഭവാൻ-
തന്നെ യോത്തിഹ തപസ്സിൽ വാണ ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെ യോക്കുകിലു മോത്തിടായ്കിലും. ൫൦

ഏവമോതി യിടരാന്ന കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങിനിന്നവൾ,
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ല്പ്രവിധം വികലമാം സുഖോദയം. ൫൧

ധീരനായ യതി നോക്കി തന്വി തൻ
ഭൂരിബാഷ്പപരിപാടലം മുഖം,
പൂരിതാഭയൊടുഷസ്സിൽ മഞ്ഞു തൻ
ധാരയാന്ന പനിനീർസുമോപമം. ൫൨

ആരതെന്നുടനറിഞ്ഞു കൌതുകം-
പാരമാന്ന കരുതിപ്പുരാഗതം,
ചാരുശൈശവകഥയ്ക്കുതന്നെചേ-
ന്നോരുവാക്കരുളിനാൻ കനിഞ്ഞവൻ ൫൩

'പാരവും പരിചയം കലന്നൊഴും
പേരുമീ,മധുരമായ കണ്ണവും,
സാരമായ് സ്മൃതിയിൽ നീയു,മിപ്പൊൾ നിൻ
ദൂരമാം ഭവനവും വരുന്നയേ! ൫൪

കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോ-
ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ,
പണ്ടുനിന്നെ യൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ. ൱൪

എന്നിൽനിന്നണുവുമേൾക്കിലപ്രിയം,
നിന്നുകേഴ്, മയി! കണ്ടിടുന്നതേ
നിന്നിലിപ്രണയ ചാപലത്തെ ഞാ-
നന്നുമിന്നു മൊരുപോലെ വത്സലേ! ൱൫

പോയതൊക്കെ യഥവാ— നമുക്കയേ!
പ്രായവും സപദി മാറി കാര്യവും,
ആയതത്ര മറിവിന്നു മാന്നു,— പോ-
ട്ടായതെന്തിവിടെ വാണിടുന്നു നീ? ൱൬

ഓതുകിന്നതഥവാ വൃഥാ ശുഭേ!
ഹേതുകേൾക്കുവതൊരത്ഥ മേതിനോ
നീ തുനിഞ്ഞു—നിജകമ്മനീതരാ—
യേതു മാർഗ്ഗമിയലാ ശരീരികൾ? ൱൭

പിന്നെയൊന്നൊരുപകാരമേതിനോ-
യെന്നെയോത്തു സഖി, ഏതതോതുക,
അന്യജീവനതകി സ്വജീവിതം
ധന്യമാക്കു മമലേ! വിവേകികൾ.' ൱൮

മാലു ചെററുടനകന്നുമുള്ളിലെ-
ന്നാലു മാശ തടവാതെ വാടിയും,
ആലംപിച്ചു യതിതന്നെ നോക്കിനാൾ
ലോലകണ്ണ മതിലോല ലോചന. ൱൯

നവ്യമാം പരിധിയാന്നാനക്ഷണം
ദിവ്യദീപ്തി ചിതറീട്ടു മാമുഖം,
ഭവ്യ ശീലയവൾ കണ്ടു, കുണ്ഠയാ-
യവ്യവസ്ഥിത രസം കുഴങ്ങിനാൾ. ൬൦

പാരമാശ്രു വിളറി ക്കറുത്തുടൻ
ഭൂരിചോന്നു മഥ മഞ്ഞളിച്ചുമേ,
നാരിതൻ കവിൾനിറം കലൎന്നു,ഹാ!
സൂൎയ്യരശ്മി തടവും പളുങ്കുപോൽ. ൬൧

തെല്ലുനിന്നരുണ കാന്തിയിൽ കല-
ൎന്നുല്ലസിച്ച ഹിമശീകരോപമം,
മെല്ലെയാൎന്നു മൃദുഹാസ മശ്രുവും
ചൊല്ലിനാൾ മൊഴികൾ ചാരുവാണിയാൾ. ൬൨

'അൎയ്യ! മുൻപരിചയങ്ങൾ നൽകിടും
ധൈൎയ്യമാൎന്നു പറയുന്നു മദ്ഗതം,
കാൎയ്യമിന്നതയി! കേൾക്കുമോ കനി-
ഞ്ഞാൎയ്യമാകിലു മനാൎയ്യമാകിലും? ൬൩

പാരമുള്ളിലഴലായി, ജീവിതം
ഭാരമായി, പറയാതൊഴിക്കുകിൽ
തീരുകില്ല, ധരയിൽ ഭവാനൊഴി-
ഞ്ഞാരുമില്ലതു മിവൾക്കു കേൾക്കുവാൻ. ൬൪

ആഴമാൎത്തിയഥവാ കഥിക്കിലീ-
യൂഴമോൎത്തിടുമതന്യഥാ ഭവാൻ,
പാഴിലോതിടുകയോ വിധിക്കു ഞാൻ
കീഴടങ്ങി വിരമിക്കയോ വരം? ൬൫

തന്നതില്ലപരന്നുള്ളുകാട്ടുവാ-
നൊന്നുമേ നരന്നുപായമീശ്വരൻ!
ഇന്നു ഭാഷ യഥ പൂൎണ്ണമിങ്ങഹോ!
വന്നുപോം പിഴയു മൎത്ഥശങ്കയാൽ! ൬൬

മുററുമെന്നഴലറിഞ്ഞിട്ടായ്കിലും,
തെററിയെൻ ഹൃദയമാൎദ്ദ്വനോരുകിൽ,
ചെററുമേ പൊറുതിയില്ല, പിന്നെഞാൻ
പററുകില്ലറിക മണ്ണിൽ വിണ്ണിലും. ൬൭

ഏവമോതി അതിദൂനയായിനി-
ന്നാവരാംഗി, യതി തൻ മുഖാംബുജം
പാവനം പരിചിൽ നോക്കിനാൾ, അവൻ
കേവലം കരുണയാന്നു ചൊല്ലിനാൻ. ൬൮

"അന്യഥാ മതി വരില്ലെനിക്കു നിൻ
മന്നവിങ്കൽ, നിയതം മഹാവ്രതേ,
കന്യയെന്നു വട്ടുവെന്നു മേലുകി-
ല്ലന്യ ഭാവമറി കാത്മവേദികൾ. ൬൯

ആടലൊട്ടവൾ വെടിഞ്ഞു സത്വരം
തേടി ധൈൎയ്യമഥ പൂവനത്തിലും
കാട്ടുതൻ നടുവിലും സുമൎത്തുവിൽ
പാടിടും കുയിലുപോലെ ചൊല്ലിനാൾ. ൭൰

വന്നു വത്സല, ഭവാൻ സമക്ഷമാ-
യിന്നു, ഞാൻ വൃഥ മറന്നതോൎക്കയാൽ,
എന്നു മല്ല, കരുതുന്നു വീട്ടിൽ നാ-
മന്നു വാണതു തുടൎന്നപോൽ മനം. ൭൰൧

ലോലനാൎത്ഥനരുവിട്ട കേട്ടൊരാ-
ബാലപാഠമഖിലം മനോഹരം
കാലമായധിക മിന്നൊരക്ഷരം
പോലുമായതിൽ മറപ്പതില്ല ഞാൻ. ൮൨

ഭൂരിപൂക്കൾ വിടരുന്ന പൊയ്കയും
തീരവും വഴികളും തരുക്കളും
ചാരുപൂൎത്തായ്കു മോൎത്തിടുന്നതിൻ-
ചാരെ നാമെഴുമെഴുത്തു പള്ളിയും. ൮൩

ഓൎത്തിടുന്നു പവനത്തിലെങ്ങുമ-
ങ്ങാൎത്തു ചിത്രശലഭം പറന്നതും
പാൎത്തു നിന്നതു മണഞ്ഞു നാം കരം-
കോൎത്തു കാവിനരികേ നടന്നതും. ൮൪

പാട്ടു മാൺ കുയിലെ വാഴ്ത്തിയാരവം
കൂടവേയനുകരിച്ചു പോയതും
ചാട്ടുകാരനുടനെ … ടാൎത്ഥനാ-
പ്പേടയെ പ്പരിഹസിച്ചു ചൊന്നതും. ൮൫

ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വച്ചുമല്ലികയറുത്തിരുന്നതും
മെച്ചമാന്ന ചെറുമാല കെട്ടിയെൻ
കൊച്ചു വാർ മുടിയിലങ്ങണിഞ്ഞതും. ൮൬

എണ്ണിടുന്നൊളിവിൽ വന്നു പീഡയാം-
വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞുകേഴുമെൻ
കണ്ണുനീരു കനിവിൽ തുടച്ചതും. ൮൭

എന്തിന്നോതുവതിതൊക്കെയോരസം
ചിന്തുമെൻ സുദിനമസ്തമിച്ചിതേ,
ഗന്തുകാമനുടനാഞ്ഞൻ, ഏകലാ
മന്ദരായ മെതിർവാത്യപോലിവൾ ൮൮

പോട്ടെ—എൻ സഹചരൻ വിയുക്തനായ്
നാട്ടിൽ നിന്നഥ മറഞ്ഞതഞ്ജസാ
കേട്ടു ഞെട്ടിയയി വീണു, ഗർജ്ജിതം
കേട്ട പന്നഗ കുമാരിപോലെ ഞാൻ. ൮൯

പിന്നെയെൻ പ്രിയപിതാക്കൾ കാത്തുഴ-
ന്നെന്നെ, യണ്ടവരഴൽ പെടാതെയും,
ഉന്നി വാണൊരിട മാശ്വസേലുമീ-
മന്നിലെന്നു, ടലു ഞാൻ വിടാതെയും. ൯൦

ഹർഷമേകുവതിനച്ഛനേറെ നി-
ഷ്കർഷമാർന്നഥ വളർന്നു ഖിന്നയായ്,
കർഷകൻ കിണറിനാൽ നനയ്ക്കിലും
വർഷമററ വരിനെല്ലുപോലെ ഞാൻ. ൯൧

ഓർത്തിടായ്കിലു മഹോ! യുവത്വമെൻ
മൂർത്തിയാർന്നഥ വലഞ്ഞിതേറെ ഞാൻ,
ചൂർത്തിടും തരുവിലും തടത്തിലും,
കാത്തിടാ ലതകൾ, കാലമെത്തിയാൽ. ൯൨

ഓതുവാനരുതെനിക്കു പിന്നെ,യെൻ-
താതനോർത്തൊരു വിവാഹനിശ്ചയം
കാതിലെത്തി, വിഷവേഗമേററപോൽ
കാതരാശയ കുഴഞ്ഞു വീണു ഞാൻ. ൯൩

അഴ്മമ്പൊടതി സാന്ത്വമോതുമെൻ-
തോഴിമാരെയുമൊഴിച്ചു ഞാൻ പരം,
വാഴുമൈഷധമകററിയാശ്രമം
പാഴിലായെഴുമസാദ്ധ്യരോഗികൾ. ൯൨

ശാന്തമാക ദുരിതം വിനിശ്ചിത-
സ്വാന്തയായ് കഠനശല്യമൂരുവാൻ
ധ്വാന്തവും ഭയവുമോർത്തിടാതുടൻ
ഞാൻ തടാകതടമെത്തി രാത്രിയിൽ- ൯൩

വേദമാർന്നഭയദ നിശ്ചയം ശ്രവി-
ച്ചാ, കുലാത്ഭുതദയാ രസോദയൻ,
ഏകിനാൻ ചെവിയവൻ, സഗദ്ഗദം
ശോകമാന്ന കഥ പിൻ തുടർന്നവൾ. ൯൪

ലോകമൊക്കയുമുറങ്ങി, കൂരിരു-
ട്ടാകെ മൂടി തമമൂർത്തി ഭീകരം,
ഏകയായവിടെ നിന്നു, സൂചിയേ-
റാകിലെന്നുമറിഞ്ഞിടാതെ ഞാൻ. ൯

തിണ്ണമായിരുളിൽ നിന്നു വിശ്വസി-
ച്ചെണ്ണിനേൻ ഝടിതി ഭൂത ഭാവികൾ,
വിണ്ണിൽ ഞാനൊട്ടുവിൽ നോക്കി, സന്താപം
കണ്ണടഞ്ഞുഡുഗണങ്ങൾ കാൺകയാൽ. ൯൬

"നിത്യഭാസുര നഭശ്ചരങ്ങളേ!
ക്ഷിത്യവസ്ഥ ബത നിങ്ങളോർത്തിടാ
അത്യനർത്ഥവശ ഞാൻ, ക്ഷമിപ്പിൻ!
കൃത്യമെന്നു മവയോടിരന്നു ഞാൻ. ൯൭

ഓൎത്തുപിന്നുടനഗാധതോയമാം
തീൎത്ഥസീമയിലിറങ്ങിയങ്ങു ഞാൻ
ആൎത്തിയാൽ മൊഴിയിലോ മനസ്സിലോ
പ്രാൎത്ഥിതം ചരമമേവമോതിനേൻ. ൧൦൦

ജീവിതേശനൊടനുഗ്രഹിക്ക, വൻ-
ഭ്രൂവില്ലുണ്ടു ഗിരിജേ! വലഞ്ഞുടൻ
ഈവിധം തുനിവതാമശക്ത ഞാൻ,
ദേവി! നിൻപദമണയ്ക്കുമംബികേ! ൧൦൧

കാണുകിൽ പുളകമാം കയത്തില-
ങ്ങാണുകൊണ്ടവതിനുടൻ കുതിച്ചു ഞാൻ,
ക്ഷോണിയിൽ പ്രണയപാശമറ്റെഴും
പ്രാണികൾക്കു ഭയഹേതു വേതുവാൻ? ൧൦൨

ചണ്ടിതൻ പടലിനീങ്ങിയാഴുമെൻ
കണ്ഠമൊട്ടുപരിതങ്ങി, ആകയാൽ
ഇണ്ടലാൎന്നുഴറിയോൎത്തു, താമര-
ത്തണ്ടിൽ വാൎമുടി കുരുങ്ങിയെന്നു ഞാൻ. ൧൦൩

സത്വരം മുകളിൽ നോക്കി ഞാനിയ-
ന്നാത്തൽ വിസ്മയവുമേറെ നാണവും,
യെത്തിയെൻ കചഭരം പിടിച്ചു നി-
ന്നത്ര കാന്തിമതിയേകയോഗിനി. ൧൦൪

അമ്പിയന്നു ഭയമൊക്കെ നീക്കിയൊ-
ന്നമ്പമേകിയവൾ നോക്കി സസ്മിതം,
മുമ്പിലപ്പൊഴുതുദിച്ചു പൊങ്ങിടു-
ന്നമ്പിളിക്കെതിരഹോ! നതാംഗിയാൾ. ൧൦൫

.ന്വപ്പു പൂണ്ടരികിൽ വാണിരുട്ടിലെൻ
ധൃഷ്ടമാം തൊഴിലുകണ്ടു യോഗിനി,
ഇഷ്ടമായ മൃതിയെത്തടഞ്ഞു, ഹാ!
ദിഷ്ടമെങ്ങനെ യൊരാൾക്കതേ വരൂ. ൧൦൫

കെട്ടിയാഞ്ഞു കരയേററി യാശ്രു, കൈ-
വിട്ടുനിന്നു കഥ ചോദിയാതവൾ
ഒട്ടതെൻ പ്രലപനത്തിൽ നിന്നറി-
ഞ്ഞൊട്ടറിഞ്ഞു നിജ വൈഭവങ്ങളാൽ. ൧൦൬

ഈറനമ്പൊടു പകന്നു വല്ക്കലം
മാറിയാ മഹതിയെത്തുടന്നു ഞാൻ,
വേറുമെയ് നിയതി നൾകിടുന്നതും
പേറിയങ്ങിനെ പരേത ദേഹിപോൽ. ൧൦൭

അധ്വഃഖേദ മറിയാതവാറുചൊ-
ന്നത്തപോധന കനിഞ്ഞു വാർത്തകൾ,
എത്തി ഞങ്ങളൊരു കാട്ടിലും ദൂതം,
ചിത്രഭാനുവുദയാചലത്തിലും. ൧൦൮

അന്തരംഗഹിതനാം ഭവാനൊഴി-
ഞ്ഞന്തികത്തിൽ വനശോഭ കാണ്മതോ
സന്തപിച്ചിവൾ പരം, രമിക്കയി-
ല്ലെന്തിലും പ്രണയഹീന മാനസം. ൧൧൦

കീർത്തനീയ ഗുണ യെന്നെ നിർദ്ദയം
ചേർത്തു പിന്നെ യവളിത്തപോവനം,
അത്തയെങ്കിലു മതീവ ധന്യയെ-
ന്നോർത്തിതാശ്ശനെ യനുപ്രയാത ഞാൻ. ൧൧൧

ഒത്തു ഞങ്ങളുടജത്തിലൊന്നിൽ വാ-
ണാതൃദാരമഥ വിദ്യയും സ്വയം-
വിത്തിനായ് മുകിലു വൃഷ്ടിപോലെയാ
സിദ്ധയോഗിനി യെനിക്കു നൽകിനാൾ. ൧൧൨.

പഞ്ചവൃത്തികളടക്കി യന്വഹം
നെഞ്ചുവച്ചൊരു തപോമയം ധനം
സഞ്ചയിപ്പതിനു ഞാൻ തുടങ്ങി, പി-
ന്നഞ്ചുവട്ടമിഹ പൂത്തു കാനനം. ൧൧൩

കാമിതം വരുമെനിക്കുവേഗമെ-
ന്നാമഹാമഹതി ചെയ്തനുഗ്രഹം,
പ്രേമമാന്ന ഗുരുവിൻ പ്രസാദമാം
ക്ഷേമമൂലമിഹ ശിഷ്യലോകരിൽ. ൧൧൪

മംഗലാശയ! കഴിഞ്ഞു രണ്ടുനാ-
ളിങ്ങുപിന്നെ യനിമിത്ത മെന്തിനോ
പൊങ്ങിടുന്നു സുഖമാന്നു മന്തരാ
മങ്ങിടുന്നു ഭയമാന്നു മന്മനം. ൧൧൫

സൈ്വരമായ് മുഹുരുദിച്ചിടുന്നു, ദു-
ര്വാരമെന്റെ മതിയിൽ, തപസ്യയിൽ
ഗൌരിയോടരിയ പുഷ്പഘാതിതൻ
വൈരിയായ വടുവിൻ സമാഗമം. ൧൧൬

ഇന്നലെ ബ്ഭഗണമദ്ധ്യഭൂവിൽ ഞാൻ
നിന്നുകൂപ്പിയ വസിഷ്ഠഭാമിനി
വന്നു നിദ്രയതിൽ "ഏല്ക്കനിൻപ്രിയൻ
വന്നു" എന്നരുളിനാൾ ദയാവതി. ൧൧൭

എന്നു ചൊല്ലി വിരമിച്ചു, തൻമുഖം
നിന്നു നോക്കി, നെടുമാർഗ്ഗഖിന്നയായ്
എന്നപോൽ, ഭരമകന്ന പോലിള-
ച്ചൊന്നു തമ്പി നെടുവീർപ്പിയന്നവൾ. ൭൩

ഭാവമൊട്ടടനറിഞ്ഞു, ശ്രദ്ധയാ-
മാവയസ്യ യഴലാന്നിടാതെയും,
ഈവിധം യതി പറഞ്ഞു, തന്മന-
സ്സാവിലേതര മലഞ്ഞിടാതെയും. ൭൪

‘കേട്ട നിൻ ചരിതമത്ഭുതം! ശുഭേ,
കാട്ടിൽ വാഴ്വതിനെഴുന്ന മൂലവും,
കാട്ടിസാഹസ മനല്പമേതുതാ-
നാട്ടെ,നിൻ നിയമചര്യ നന്നയേ! ൭൫

ഉണ്ടു കൌതുകമുരയ്ക്കിൽ, നാടതിൽ
പണ്ടിരുന്നതു, മകന്നു കാടിതിൽ
കണ്ടുമുട്ടിയതു, മെന്നുമല്ല നാം
രണ്ടുപേരുമൊരുവൃത്തിയാന്നതും. ൭൬

ഹാ! ശുഭേ! നിജഗതാഗതങ്ങൾ ത-
ന്നീശ നിശ്ചയ മറിഞ്ഞിടാ നരൻ,
ആശ നിഷ്ഫലവുമായ് വരുന്നവ-
നാശിയാതിഹ വരുന്നഭീഷ്ടവും. ൭൭

സ്വന്തകർമ്മവശരായ് തിരിഞ്ഞിടു-
ന്നന്തമററ ബഹു ജീവകോടികൾ,
അന്തരാളഗതി തന്നിലൊന്നൊടൊ-
ന്നന്തരാ പെടുമണുക്കളാണു നാം. ൭൮

സ്നേഹമെങ്കിലു മിയന്നഖിന്നനായ്
സാഹസങ്ങൾ തുടരുന്നു സന്തതം
ദേഹി,ഈശകൃപയാലെ തന്മഹാ......
മോഹനിദ്രയുണരുന്നനാൾ വരെ. ൧൨൪

കാട്ടിലിങ്ങൊരു മഹാനുഭാവതൻ
കൂട്ടിലായ ഭവതി, ഭാഗ്യമായി, ഞാൻ
പോട്ടെ,—ശാന്തി!— വിധിയോഗമിന്നിയും
കൂട്ടിയാകിലഥ കാണ്കയാം ശുഭേ!' ൧൨൫

ഏവമോതി നടകൊൾവതിന്നവൻ
ഭാവമാന്നു, പരിതപ്തയായുടൻ
ഹാ! വെളുത്തവൾ, മിഴിച്ചുനിന്നു മൺ-
പാവപോലെ ഹതകാന്തിയായ് ക്ഷണം. ൧൨൬

ചിന്ത നൊന്തുഴറി യാത്ര ചൊല്ലുമോ
ഹന്ത!ഭീരു യതിയെത്തടുക്കുമോ
സ്വാന്തസൌഹൃദനയങ്ങളോർത്തുഴ-
ന്നെന്തു ചെയ്യുമവൾ?—ഹാ! നടന്നവൻ!! ൧൨൭

കണ്ടുടൻ കരളറുന്നപോലെഴ-
ന്നിണ്ടലേറി യഭിമാനമററവൾ
കുണ്ഠമാം കുരരിപോലെ ദീനമാം
കണ്ഠമോടഴുതുറക്കെ യോതിനാൾ. ൧൨൮

'പ്രാണനായക! ഭവാൻെറകൂടവേ
കേണുപോം ഹൃദയനീതനായഹോ!
പ്രാണനെന്നെ വെടിയുന്നിതേ, ജലം
താനുപോം ചിറയെ മത്സ്യമെന്നപോൽ' ൧൨൯

കൂവി വായുവിലകന്ന താമര-
പ്പൂവെ യാഞ്ഞു തടയുന്ന ഹംസിപോൽ
ഏവമുന്മുഖി പുലമ്പിയെത്തിയാ-
ബ്ഭൂവിൽ വീണവൾ പിടിച്ചു തൽപദം. ൧൩൦

'എന്റെ യേകധനമങ്ങു ജീവന-
ങ്ങെന്റെ ഭോഗമതുമെന്റെ മോക്ഷവും,
എന്റെയീശ! ദൃഢമീപദാംബുജ-
ത്തിന്റെ സീമ, ഇതു പോകിലില്ല ഞാൻ. ൧൩൧

അന്യഥാ കരുതിയാർദ്രനായ്‌ നീ
സന്നധൈര്യയെയഹോ! ത്യജിക്കൊലാ
ധന്യമാം എളിമശിഷ്യയീപദം
തന്നിൽ നിത്യപരിചര്യയൊന്നിനാൽ.' ൧൩൨

ഹാ! മൊഴിഞ്ഞിതു സകമ്പ ചാശ്രുവാൽ
കോമളം സതി നനച്ചു തൽപദം,
ആ മഹാൻ തിരിയെനിന്നു, നിർമ്മല
പ്രേമമാം വലയിലാരു വീണിടാ? ൧൩൩

'തോഴി, കാരുണികനാണു നിന്നിൽ ഞാൻ,
കേഴൊലാ കൃപണഭാവമേലൊലാ,
പാഴിലേവമഴലാകുമാഴിയാ-
ഞ്ഞാഴൊലാ നളിനി! യജ്ഞപോലെ നീ. ൧൩൪

പാവനാംഗി, പരിശുദ്ധസൌഹൃദം
നീ വഹിപ്പതതിലോഭനീയമാം,
ഭാവിയായ്ത്തു, ചിതാശവങ്ങളിൽ
പൂവുപോൽ, അശുഭനശ്വരങ്ങളിൽ. ൧൩൫

സ്നേഹമാ മഖിലസാരമൂഴിയിൽ,
സ്നേഹസാരമിഹ സത്യമേകമാം,
മോഹനം ഭുവനസംഗമിങ്ങതിൽ
സ്നേഹമൂല മമലേ! വെടിഞ്ഞു ഞാൻ. ൱൩

അപ്തസത്യനവിയോഗമാം സുഖം
പ്രാപ്തമാം, സഖി, രഹസ്യമോതുവൻ'
അപ്തനിങ്ങനെ കനിഞ്ഞുരയ്ക്കവേ
ദീപ്തദീപശിഖപോലെഴുന്നീററവൾ. ൱൪

നോക്കിനിന്നു ഹൃതയായവൻെറ ദി-
വ്യൈക്യനിർവൃതി കരോജ്ജ്വലാനനം,
വാക്കിനാലപരിമേയമാം മഹാ-
വാക്യതത്വ മവനോതി ശാശ്വതം. ൱൫

ശംഖുപായ്, ശിശിരവായുവേററപോ-
ലങ്കുരിച്ചു പുളകം, വിറച്ചുതേ
പങ്കഹീന, ഘനനാദഹൃഷ്ടമാം
പൊങ്കടമ്പിനുടെ കൊമ്പുപോലവൾ. ൱൬

അന്തരുത്തടരസോമ്മി ദുഃസ്ഥയായ്
ഹന്ത! ചാഞ്ഞു തടവല്ലിപോൽ സതി,
സ്വന്തമെയ് വികലമായ പോലണ-
ഞ്ഞന്തരാ നിയമി താങ്ങി കൈകളാൽ. ൱൭

ശാന്തവീചിയതിൽ വീചിപോലെ സം-
ക്രാന്തഹസ്ത മുടൽ ചേൎന്നു തങ്ങളിൽ,
കാന്തനാദമൊട്ട നാദമെന്നപോൽ,
കാന്തിയോടപര കാന്തി പോലെയും. ൱൮

ധന്യമാം കരണസത്വയുഗ്മമ-
ന്യോന്യലീനമറിവററുനില്ക്കവേ
കന്യ കേവലസുഖം സമാസ്വാദി-
ച്ചന്യദുർല്ലഭമലോകസംഭവം! ൱൰൨

ഭേദമില്ലവളിയന്നൊരാ സുഖം
താദൃശം സകലഭോഗ്യമല്ലതാൻ,
ഖേദലേശവുമിയന്നതില്ല, വി-
ച്ഛേദഭീതിയുളവായുമില്ലതിൽ. ൱൰൩

ചാരുഹാസ്യമറിവെന്നി പെയ്തു ക-
ണ്ണീരുടൻ, ചരമമേഘവൃഷ്ടിപോൽ,
ധാരയാലഥ നനഞ്ഞ നെഞ്ചില-
ധീരമപ്പുളകമാർന്നുമില്ലവൻ. ൱൰൪

ഓമലാൾ മുഖമതിന്നു നിർഗ്ഗമി-
'ച്ചോമി'തി ശ്രുതിനിരുദ്ധ വൈഖരി,
ധാമമൊന്നുടനുയർന്നു മിന്നൽപോൽ
വ്യോമമണ്ഡലമണഞ്ഞുമാഞ്ഞുതേ. ൱൰൫

ക്ഷീണയായ് മിഴിയടച്ചു, നിശ്ചല-
പ്രാണയായുടനവൻെറ തോളതിൽ
വീണു, വായുവിരമിച്ച കേതുവിൽ
താണു പററിയ പതാക പോലവൾ. ൱൰൬

ഞെട്ടിയൊന്നകമലഞ്ഞു സംയമം
വിട്ടുവീർത്തു നെടുതായ് മഹായമി
പട്ടിടഞ്ഞ തനു തൻെറ മേനി വേർ-
പെട്ടിടാഞ്ഞു ബത! ശങ്ക തേടിനാൻ. ൱൰൭

സ്തബ്ധമായ് ഹൃദയമേറി ഭാരമാ-
ൎന്നസ്തഹാരമൃദുമെയ് തണുത്തുപോയ്,
സുപ്തിയല്ല ലയമല്ല യോഗമ-
ല്ലപ്പൊഴാൎന്നതവളെന്നറിഞ്ഞവൻ. ൧൰൮

എന്തു സംഭവ?മിതെന്തു ബന്ധമി?-
ങ്ങെന്തുഹേതു? വിധിയെന്തൊരൎത്ഥമോ?
ഹന്ത! കൎമ്മഗതി! ബാല യെന്റെ ബാ-
ഹാന്തരം ചരമശയ്യയാക്കിനാൾ! ൧൰൯

സ്നേഹഭാജനതയാൎന്നഹൃത്തിതിൽ
ദേഹമിങ്ങനെ വെടിഞ്ഞു പാററപോൽ
മോഹമാൎന്നു പരമാം മഹസ്സഹോ!
മോഹനാംഗി തഴുകിക്കഴിഞ്ഞവൾ! ൨൰

ആരറിഞ്ഞു തനുഭൃത്തുകൾക്കു നി-
സ്സാരമേവ മസുബന്ധമെന്നഹോ!
നാരി! നിന്നിളവയസ്സിതെത്ര?ഹൃ-
ത്താരിയന്ന പരിപാകമേതയേ? ൨൰൧

ഞെട്ടറുന്നമലരും തൃണാഞ്ചലം
വിട്ടിടുന്ന ഹിമബിന്ദു താനുമേ
ഒട്ടു ദുഃഖമിയലാം, വപുസ്സു വേ-
റിട്ടു നിൻ സുഖമഹോ! കൊതിക്കിലാം. ൨൰൨

ഹന്ത! സാധ്വി! മധുരീകരിച്ചു നീ
സ്വാന്തമൃത്യു സുകുമാരചേതനേ,
എന്തു നാണമിയലാം ഭവജ്ജിതൻ
മൃത്യു ഭീകരകരൻ, ഖരൻ, യമൻ? ൨൰൩

ജാതസൌഹൃദമുറഞ്ഞുവാൻ സ്വയം
ജാത, തള്ളയുടെ മാറണഞ്ഞപോൽ
നീ തുനിഞ്ഞു, നിരസിച്ചിരിക്കിൽ ഞാ-
നേതു സാഹസികനാമഹോ! പ്രിയേ! ൧൩൪

ത്യാഗമേവനു വരും സമഗ്രമീ-
ഭോഗലോഭനജഗത്തിലെന്നമേ,
വേഗമിന്നതു വെടിഞ്ഞു ഹാ! മഹാ-
ഭാഗയാം നളിനി! ധന്യ തന്നെ നീ! ൧൩൫

ഉത്തമേ! വിഗതരാഗമാകുമെ-
ന്നുൾത്തടത്തെയുമുലച്ച ശാന്ത നീ,
ഇത്തരം ധരയിലെങ്ങു ശുദ്ധമാം
ചിത്തവും? മധുരമായ രൂപവും? ൧൩൬

നേരു—ശൈശവമതിങ്കലന്നു നിൻ
ഭൂരിയാം ഗുണമറിഞ്ഞതില്ല ഞാൻ;
കോരകത്തിൽ മധുവെന്നപോലെ യുൾ-
ത്താരിൽ നീ പ്രണയമാന്നിരുന്നതും. ൧൩൭

ഇന്നഹോ! ചിരസമാഗമം സ്വയം
തന്ന ദൈവഗതിയെത്തൊഴുന്നു ഞാൻ,
എന്നുമല്ലനുതപിച്ചിടുന്നു, തേൻ-
വെന്ന നിന്മൊഴികൾ നിന്നുപോകയാൽ. ൧൩൮

ബദ്ധരാഗമിഹ നീ മൊഴിഞ്ഞൊരാ-
ശുദ്ധവാണി വനവായുലീനമായ്,
ശ്രദ്ധയാന്നതിനെ യാസ്വദിച്ചു ഹാ!
സിദ്ധസന്തതി സുഖിക്കുമോമലേ! ൧൩൯

ആകുലത്വമിയലില്ല യോഗി ഞാൻ,
ശോകമില്ലിനി നിനക്കു മേതുമേ,
നീ കലീനഗുണദീപികേ! വിട്ടം-
ലോകമാണു ദയനീയമെൻപ്രിയേ! ൧൩൦

വേണിയാകിയ വെളുത്ത നിർഝര-
ശ്രേണി ചിന്നി വിരഹാർത്തിയാന്നുതാൻ
ക്ഷോണി കന്ദരനിരുദ്ധ കണ്ഠയായ്
കേണിതാ മുറയിടുന്നു കേൾക്ക നീ! ൧൩൧

നീലവിൺ നടുവുറച്ചു ഭാനു, കാ
ണ്മീല കാട്ടിലു മനക്കമൊന്നിനും,
ബാല നീ ഝടിതി പൊങ്ങുമൂക്കിനാൽ
കാലചക്രഗതി നിന്നു പോയിതോ? ൧൩൨

ധന്യനായി സഖി ഞാൻ, അസംശയം,
നിന്നൊടൊക്കു മുപദേശഭാജനം,
അന്യനാം ഗുരു ലഭിച്ചതില്ലയി-
മന്നിൽ വിദ്യ വെളിവായ നാൾമുതൽ. ൧൩൩

മാനസം പരിപവിത്രമായി നിൻ
ധ്യാനയോഗ്യ ചരിതം സ്മരിച്ചയേ!
ജ്ഞാനിനീ! ഭവതി സിദ്ധിയാറെന്നൊരെൻ-
മേനിയും മഹിത തീർത്ഥഭൂമിയായ്! ൧൩൪

ധർമ്മലോപ മണയാതെ നമ്മളിൽ
ശർമ്മവും വ്യഥയു മേകി യേറെനാൾ
നിർമ്മലേ! ഒരുവഴിക്കു നീണ്ടൊരീ-
കർമ്മപാശഗതി നീ കടന്നുതേ! ൧൩൫

പ്രേമഗൗരവമിയന്നിവണ്ണമുൾ-
സ്ഥേമയററതുളി, യാൻ പിന്നെയും
ആ മഹാൻ നിജയമം, ചലിക്കുമേ
ഭൂമിയും ഹൃദയ ലീനഹേതുവാൽ. ൧൩൬

ധൃതമെവിടെ യണഞ്ഞാ ശിഷ്യയെത്തേടിയപ്പോൾ
കൃതനിയമ കനിഞ്ഞാ ചാൎത്തുകാഷായവേഷാ
മൃതതനുവതു കണ്ടങ്ങൊട്ടു വാവിട്ടുകേണാൾ
ഹത ശിശുവിനെനോക്കി ദ്രൂനയാം ധേനുപോലെ. ൧൩൭

'നളിനി' 'നളിനി' യെന്നാമന്ത്രണം ചെയ്തു ചെന്നാ-
മിളിതയമി വപുസ്സായോരു പൂമെയ്യെടുത്താൾ
ദളിതഹൃദയ—കൈയാൽ ശാന്തിബിംബത്തിൽനിന്നും
ഗളിത സുഷമമാം നിൎമ്മാല്യമാല്യം കണക്കേ. ൧൩൮

അന്യോന്യ സാഹ്യമൊടു നീലകുശാസ്തരത്തിൽ
വിന്യസ്തമാക്കി മൃദു മെയ്യവർ നോക്കിനിന്നാർ,
വന്യേഭഹസ്തഗളിതം ബിസപുഷ്പമൊത്താ-
ന്നൂന ദീനതയതെങ്കിലുമാഭതാനം. ൧൩൯

അല്പം വലഞ്ഞഥ പരസ്പരമോതിവൃത്ത-
മുൾപന്നബോധരവരോത്തു വിധിപ്രകാരം
ചൊൽപൊങ്ങുമാഗിരിജ ചേവടി ചേൎത്തടിക്കിൽ
കല്പിച്ചവൾക്കു ഖനനം വരയോഗിയോഗ്യം. ൧൪൦

നിവാപവിധിപോലെ ബാഷ്പനിരതൂവി നിക്ഷിപ്തമാം
ശവാസ്തരമകന്നു—ഹാ! കൃപണർപോലെ രണ്ടാളുമേ,
പ്രവാസമതിനായ് സ്വയം പുനരുറച്ചൊരാ യോഗിയാം
ദിവാകര'നെവിട്ടു യോഗിനി മറഞ്ഞു, സന്ധ്യാസമം.

ലോകക്ഷേമോൽസുകനഥ വിദേശത്തിൽ വാണായതീന്ദ്രൻ,
ശോകം ചേൎന്നീലവനു നളിനീചിന്തയാൽ ശുദ്ധിയേറി,
ഷ്യകാന്താച്ഛം വിഷയ മല മിങ്ങേതുമേ ചിത്തവൃത്തി-
ക്കേകോ — കണ്ണാടിയിലിന മയൂഖങ്ങൾ മങ്ങാ പതിഞ്ഞാൽ.

അവനു പുനരമോഘം പോയി നൂററാണ്ടു, പിന്നോ-
ത്തവസിതിവിധി, യൂഴിക്കെത്തുമോ നിത്യഭാഗ്യം
അവിദിതതനുപാതം വിസ്മയം യോഗമാൎജ്ജി-
ച്ചവിരതസുഖമാൎന്നാനാ മഹാൻ ബ്രഹ്മഭൂയം! എന്നെ

ശുഭം.

UNIVERSITY
B196

26 SEP 1938

MUL
034810